(ഡി) 15,52,65,411 രൂപയുടെ സാധനങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(ഇ) മോഷണം റിപ്പോർട്ടായപ്പോൾ രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ മോഷണസാധനങ്ങളാണ് കണ്ടെടുത്തിട്ടുള്ളത്. അതിനായി പ്രത്യേകം കേസുകൾ രജിസ്റ്റർ ചെയ്യാറില്ല.

## വിഗ്രഹ മോഷണം

81 [82] ശ്രീ. കെ. പി. സതീശൻ ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ ദേവാലയങ്ങളിൽനിന്നും വിഗ്രഹ കവർച്ച നടത്തിയതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം ദേവാലയങ്ങളിലേതാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ കൃസ്ത്യൻ ദേവാലയങ്ങളിലെ എത്ര വിഗ്രഹങ്ങൾ കവർച്ച ചെയ്യപ്പെട്ടിട്ടുണ്ട്;

(ഡി) അന്വേഷണത്തെത്തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വിഗ്രഹക്കവർച്ച സംബന്ധിച്ച് 46 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഒരെണ്ണം.

(ഡി) 20 ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ദേവാലയങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

## 2001 മേയ് മാസത്തിന് ശേഷം സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങൾ

82 [83] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കൊലപാതകങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly